11 JUL 2019

കേരള സർക്കാർ

നം.ജെ2/76/2019/പൊവിവ

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം, തീയതി: 01/07/2019

## സർക്കുലർ

വിഷയം:- പൊവിവ-എയ്ഡഡ് സ്കൂൾ - കോടതി തത്സ്ഥിതി ഉത്തരവ് സംബന്ധിച്ച സ്പഷ്ടീകരണം .

സൂചന:- 1. 3-12-2016 തീയതിയിലെ സ.ഉ (പി) നം. 199/16/പൊവിവ

2. WA 2321/17, WP (C ) 404/18 എന്ന കേസിലും അതോടൊപ്പമുള്ള കേസുകളിലും ബഹു. ഹൈക്കോടതി 19-12-17, 6-2-18, 11-7-18 തീയതികളിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവുകൾ.

3. W.A 2321/17 ഉടങ്ങിയ കേസുകളിൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 25/02/2019 ലെ ഉത്തരവ്

4. 28-2-2019 തീയതിയിലെ സ.ഉ (പി) 3/2019/പൊവിവ

സൂചന ഒന്ന് ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിതാദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് കെ.ഇ.ആർ ഭേദഗതി വരുത്തിയിരുന്നു. എന്നാൽ അതിൻ പ്രകാരമുള്ള നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവയിൽ സ്റ്റാറ്റസ്കോ പാലിക്കാൻ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് സൂചന രണ്ട് ഉത്തരവ് പ്രകാരം ഉത്തരവായി. ഈ സ്റ്റാറ്റസ്കോ ഉത്തരവ് സൂചന ഒന്ന് ഉത്തരവിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിന് തടസ്സമാകില്ല എന്നു സൂചന മൂന്ന് പ്രകാരം വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ അദ്ധ്യായം 21-ൽ ചട്ടം 7 ന് വീണ്ടും ചില ഭേദഗതികൾ സൂചന നാല് പ്രകാരം വരുത്തി. ഈ സാഹചര്യത്തിൽ സൂചന രണ്ട് പ്രകാരം നിലവിലിരിക്കുന്ന സ്റ്റാറ്റസ്കോ സൂചന നാല് ഉത്തരവിലെ നിബന്ധനകളെയും ബാധിക്കുമോയെന്ന കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങൾ വിശദമായി പരിശോധിച്ചു. സൂചന നാലിലെ ഉത്തരവ് പുറപ്പെടുവിച്ചത് ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 25/02/2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ഈ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിട്ടില്ല. അതുകൊണ്ട് സൂചന രണ്ടു പ്രകാരം നിലനിൽക്കുന്ന തൽസ്ഥിതി ഉത്തരവ് സൂചന ഒന്നിലെ ഉത്തരവിനു മാത്രമേ ബാധകമാകുക യുള്ളു എന്ന് വ്യക്തമാക്കുന്നു.

**എ. ഷാജഹാൻ**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പൃ.ഏ. കത്ത് നമ്പർ ക്യു2/21500/18/ഡി.പി.ഐ തീയതി 15-7-2019
സർക്കുലറിന്റെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയക്കുന്നു.

സ്വീകർത്താക്കൾ
എല്ലാ DDE, DEO, AEO മാർക്കും.

ആർ.എസ്.ഷിബു
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14